(ബി) അതെ.

(സി) വളരെ പഴകിയ കിടക്കകൾ മാറിക്കൊടുത്തുകൊണ്ടിരിക്കുന്നു.

കുമ്പളത്തെ ആയുർവ്വേദ ഡിസ്പെൻസറി ഒരു ആശുപത്രിയാക്കി ഉയർത്താൻ നടപടി

1744 [2640] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുമ്പളത്തെ ആയുർവ്വേദ ഡിസ്പെൻസറി ഒരു ആശുപത്രിയാക്കി ഉയർത്തുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം ഉണ്ടോ;

(ബി) പ്രസ്തുത ഡിസ്പെൻസറി ഒരു ആയുർവ്വേദ ആശുപത്രിയാക്കി ഉയർത്താൻ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അത് ഒരു ആയുർവ്വേദ ആശുപത്രിയാക്കി ഉയർത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) ഇല്ല.

(സി) ആശുപത്രി പ്രവർത്തിക്കുന്നതിന് അനുയോജ്യമായ കെട്ടിടം സൗജന്യമായി ലഭ്യമാക്കുന്നപക്ഷം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പരിഗണിക്കുന്നതാണ്.

അലോപ്പതി ഡിസ്പെൻസറികളും ഹെൽത്ത് സെന്ററുകളും

1745 [2647] ഡോക്ടർ എ. സുബ്ബറാവു:
ശ്രീ. കെ. ടി. കുമാരൻ:
ശ്രീ. കെ. ഇ. ഇസ്മയിൽ:
ശ്രീ. കെ. ടി. കണാരൻ:
ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര അലോപ്പതി ഡിസ്പെൻസറികളും ഹെൽത്ത് സെന്ററുകളും ഉണ്ട്;

(ബി) ഇവ ഓരോന്നും ഓരോ ജില്ലയിലും എത്രവീതമാണുള്ളത്?

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ 520 അലോപ്പതി ഡിസ്പെൻസറികളും 301 ഹെൽത്ത് സെന്ററുകളും ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly